**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1933**

**13.06.2019 - ൽ മറുപടിക്ക്.**

## വ്യപാര മേഖലയുടെ പുനർ നിർമ്മാണത്തിനായി നടപടി

ചോദ്യം
ശ്രീ. ബി. ഡി. ദേവസ്സി

**മറുപടി**
**പിണറായി വിജയൻ**
**മുഖ്യമന്ത്രി.**

| ചോദ്യം | മറുപടി |
|---|---|
| (എ) 2018 ആഗസ്റ്റ് മാസമുണ്ടായ മഹാപ്രളയത്തിൽ വലിയ നഷ്ടം സംഭവിച്ച വ്യാപാരമേഖലയുടെ പുനർനിർമ്മാണത്തിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ ; | (എ) : 2018 ആഗസ്റ്റ് മാസമുണ്ടായ മഹാപ്രളയത്തിൽ വലിയ നഷ്ടം സംഭവിച്ച വ്യാപാരമേഖലയുൾപ്പെടെ എല്ലാ മേഖലയുടെയും പുനർ നിർമ്മാണത്തിനായി 17/12/2018-ലെ സ.ഉ.(കൈ) നമ്പർ 27/2018/DMD പ്രകാരം *ഉജ്ജീവന സഹായ പദ്ധതി* എന്ന പേരിൽ ഒരു പ്രത്യേക പുനർനിർമാണ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൻപ്രകാരം മഹാപ്രളയത്തിൽ നഷ്ടം സംഭവിച്ച വ്യപാരികൾക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ വ്യാപാരപ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചു വരുന്നു. പ്രളയത്തിൽ ഉൾപ്പെട്ടെന്ന് വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം നടത്തിയ സർവ്വേയിൽ കണ്ടെത്തിയ ചെറുകിട ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനായി ഈ പദ്ധതി പ്രയോജനപ്പെടുത്തി വരുന്നു. പ്രളയബാധിതർക്ക് അവരുടെ ജീവനോപാധി പുനരാരംഭിക്കുന്നതിനായി ബാങ്കുകളുമായി സഹകരിച്ച് ടേം ലോൺ, വർക്കിംഗ് കാപ്പിറ്റൽ ലോൺ |

എന്നിങ്ങനെ രണ്ടു ലോണുകൾ അനുവദിക്കുന്നുണ്ട്. ഇതുപ്രകാരം എടുക്കുന്ന ടേം ലോണിന്റെ മാർജിൻ മണിയായി 2 ലക്ഷം രൂപയോ, വായ്പയുടെ 25 ശതമാനമോ, ഏതാണോ കുറവ് ആ തുക സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.

പ്രസ്തുത വായ്പകൾക്ക് വായ്പയുടെ 25% പരമാവധി 2 ലക്ഷം രൂപ വരെ മാർജിൻ മണിയായി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്. വർക്കിംഗ് കാപ്പിറ്റൽ ലോൺ മാത്രമായി എടുക്കുന്നവർക്ക് അവരുടെ താല്പര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപാ വരെ മാത്രം മാർജിൻ മണിയ്ക്ക് പകരം ഒരു വർഷത്തേയ്ക്ക് 9% നിരക്കിൽ താങ്ങ് പലിശ (Interest subvention) സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.

(ബി) പ്രസ്തുത മേഖലയിലുണ്ടായ വലിയ നഷ്ടം പരിഹരിക്കുന്നതിന് പലിശ രഹിതവായ്പ ലഭ്യമാക്കുന്നതിനും ഈടാക്കിയ ജി.എസ്.ടി. തിരികെ നൽകുന്നതിനും ഇൻഷുറൻസ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും വെള്ളം കയറിയ കടയുടമകൾക്കും 10000/- രൂപ സഹായധനം അനുവദിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) : സർക്കാർ ഇപ്പോൾ നടപ്പിലാക്കി വരുന്ന ഉജ്ജീവന സഹായ പദ്ധതി പ്രകാരം ഇതിന് വ്യവസ്ഥയില്ല.

(സി) പ്രളയത്തെത്തുടർന്ന് വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചവരും യഥാസമയം അപേക്ഷ സമർപ്പിക്കാൻ കഴിയാതെ പോയവരുമായവരുടെ അപേക്ഷകൾ പരിഗണിക്കുന്നതിനും അർഹരായവർക്ക് ധനസഹായം അനുവദിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

(സി) : പ്രളയ ദുരിത ബാധിതർക്ക് സർക്കാർ സഹായം ലഭിക്കാൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 31/01/2019 വരെയാണ് അനുവദിച്ചിരുന്നത്.

സെക്ഷൻ ഓഫീസർ.